"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ എക്സൈസ് ഡിവിഷൻ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന - സ/ശ്രീ.ദിപീഷ് എ.പി., നൗഷാദ് വി. (എക്സൈസ് പ്രിവന്റീവ് ഓഫീസർമാർ), സ/ശ്രീ.പ്രസാദ് പി.എസ്., മുഹമ്മദ് മുസ്തഫ. വി (സിവിൽ എക്സൈസ് ഓഫീസർമാർ) എന്നിവരുടെ വേലവിലക്ക് കാലം ക്രമീകരിക്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.383/2026/TAXES തീയതി,തിരുവനന്തപുരം, 23-04-2026

---

പരാമർശം:-
1. 07.04.2022-ലെ സ.ഉ.(സാധാ) നം. 268/2022-നികുതി
2. 01.11.2025-ലെ സ.ഉ.(സാധാ) നം. 979/2025-നികുതി
3. സ/ശ്രീ.ദിപീഷ് എ.പി., നൗഷാദ് വി, പ്രസാദ് പി.എസ്, മുഹമ്മദ് മുസ്തഫ. വി എന്നിവർ 10.11.2025-ൽ സമർപ്പിച്ച അപേക്ഷകൾ
4. എക്സൈസ് കമ്മീഷണറുടെ 19.11.2025-ലെ EXC/2211/2020-XE4 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ എക്സൈസ് ഡിവിഷൻ ഓഫീസിൽ ക്രമക്കേടുകൾ നടക്കുന്നു എന്ന ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ 07/09/2019 തീയതിയിൽ മലപ്പുറം ജില്ലയിലെ എക്സൈസ് ഡിവിഷൻ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ പരാമർശം (1) പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു.

2) തുടർന്ന് ശ്രീ.ദിപീഷ് എ.പി., നൗഷാദ് വി (എക്സൈസ് പ്രിവന്റീവ് ഓഫീസർമാർ) എന്നിവർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ്

ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) No.735/2022 നമ്പർ കേസിലെ 13.11.2024-ലെ ഉത്തരവിലെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലും, സ/ശ്രീ.ദിപീഷ് എ.പി., നൗഷാദ് വി. (എക്സൈസ് പ്രിവന്റീവ് ഓഫീസർമാർ), സ/ശ്രീ.പ്രസാദ് പി.എസ്., മുഹമ്മദ് മുസ്തഫ. വി (സിവിൽ എക്സൈസ് ഓഫീസർമാർ) എന്നിവർക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ നേരിൽ കേട്ടതിന്റേയും, ടി വിഷയത്തിലെ ഫോർമൽ എൻക്വയറി റിപ്പോർട്ടിലെ വസ്തുതകളുടെ അടിസ്ഥാനത്തിലും ടിയാളുകൾക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി മേൽനടപടി കൂടാതെ തീർപ്പാക്കി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

3) ഈ സാഹചര്യത്തിൽ, വേലവിലക്ക് കാലയളവ് ക്രമീകരിക്കുന്നതിനായി സ/ശ്രീ.ദിപീഷ് എ.പി., നൗഷാദ് വി, പ്രസാദ് പി.എസ്, മുഹമ്മദ് മുസ്തഫ. പി എന്നിവർ പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷകൾ എക്സൈസ് കമ്മീഷണർ പരാമർശം (4) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ടിയാളുകളുടെ മേൽ വേലവിലക്ക് കാലയളവ്, ടിയാളുകൾ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്ത തട്ടികിഴിച്ചുള്ള ശമ്പളവും ബത്തകളും ഉൾപ്പെടെ എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, ശ്രീ. ദിപീഷ്.എ.പി, നൗഷാദ് വി (എക്സൈസ് പ്രിവന്റീവ് ഓഫീസർമാർ), ശ്രീ. പ്രസാദ് പി.എസ് (സിവിൽ എക്സൈസ് ഓഫീസർ) എന്നിവരുടെ 06-05-2021 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള KSRs Part I Rule-59(B)9 Note-2 പ്രകാരം പ്രവേശനകാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ അല്ലെങ്കിൽ ഇവ രണ്ടുമായോ ആയിട്ടും, ശ്രീ. മുഹമ്മദ് മുസ്തഫ. പി (സിവിൽ എക്സൈസ് ഓഫീസർ)- യുടെ 06-05-2021 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള KSRs Part I Rule-126 പ്രകാരം പ്രവേശന കാലം അനുവദനീയമല്ലാത്തതിനാൽ (ലാവണം നിലനില്ക്കുന്ന സാഹചര്യത്തിൽ) KSRs Part I Rule-56B(9) ന് ചുവടെയുള്ള Note-2 പ്രകാരം അർഹമായതും അനുവദനീയവുമായ അവധിയായും ക്രമീകരിക്കാൻ എക്സൈസ്

കമ്മീഷണർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
4. ധനകാര്യ വകുപ്പ് (13.03.2026-ലെ EXP-B1/67/2026-FIN പ്രകാരം)
5. വിജിലൻസ് വകുപ്പ്
6. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/231/2019-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
Date: 23-04-2026 14:09:56

സെക്ഷൻ ഓഫീസർ